# THE PLANTATION CORPORATION OF KERALA LTD

(An ISO 9001:2008 Certified Company under Government of Kerala)
**Registered Office: KOTTAYAM-686 004**
CIN:U01119KL1962SGC001997

☎ 0481.2578301- 04, 2578306 (MD) Fax:0481.2575133 (MD) Web:www.pcklimited.in E-mail:pckltd@bsnl.in , mdpckltd@gmail.com


നം.SAL/F-907/2039 07/08/2025

റബ്ബർ മരങ്ങളുടെ വിൽപ്പന – ഇ-ടെൻഡർ- കം- ഓക്ഷൻ / സീൽഡ് ടെണ്ടർ മുഖേന

കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ചന്ദനപ്പള്ളി എസ്റ്റേറ്റ് A ഡിവിഷനിലെ E, F, G & H ബ്ലോക്കുകളിലെ (സബ് ബ്ലോക്ക് നമ്പർ: B21 – B39) 18977 റബ്ബർ മരങ്ങൾ 31/10/2025 – നുള്ളിൽ മുറിച്ചുകൊണ്ടുപോകുന്നതിനുള്ള അവകാശം കരാറടിസ്ഥാനത്തിൽ നൽകുന്നതിനുള്ള ടെൻഡർ കേരളാ സർക്കാർ വെബ് പോർട്ടലായ https://etenders.kerala.gov.in വഴിയും സീൽഡ് ടെണ്ടർ വഴിയും താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി നടത്തുന്നു. ആയതുപ്രകാരം റബ്ബർ മരങ്ങളുടെ വിലയുടെ വാഗ്ദാനം **18/08/2025 തീയതിയിൽ 11:30 a. m.** വരെ ഇ-പോർട്ടൽ വഴിയോ സീൽഡ് ടെണ്ടർ വഴിയോ സമർപ്പിക്കാവുന്നതാണ്. ടെണ്ടറിൽ ഒരു ബ്ലോക്കിന് നൽകാവുന്ന ഏറ്റവും കൂടിയ തുകയാണ് (നികുതികൾ ഒഴികെ) രേഖപ്പെടുത്തിയിരിക്കേണ്ടത്.

## ഇ-ടെൻഡർ-കം-ഓക്ഷൻ / സീൽഡ് ടെണ്ടർ നിബന്ധനകൾ

1. ഇ-ടെൻഡർ/സീൽഡ് ടെണ്ടറിൽ പങ്കെടുക്കുന്നതിനുള്ള ടെൻഡർ ഫോം ഒന്നിന് 118/- രൂപയും നിരതദ്രവ്യം **ഓരോ ബ്ലോക്കിനും 500,000/- (അഞ്ച് ലക്ഷം) രൂപയുമാണ്. ഇ-ടെൻഡറിലും സീൽഡ് ടെണ്ടറിലും പങ്കെടുക്കുന്നവർ പ്രത്യേകം പ്രത്യേകം നിരതദ്രവ്യം അടക്കേണ്ടതാണ്.**
2. ഇ-ടെൻഡറിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ, ഇ-ടെൻഡർ വ്യവസ്ഥകൾ ഇ-പോർട്ടലിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതും, വ്യവസ്ഥകൾ പൂർണ്ണമായി അംഗീകരിക്കുന്നതായി രേഖപ്പെടുത്തിയ സമ്മതപത്രവും, എല്ലാ പേജുകളിലും ഒപ്പിട്ട ടെൻഡർ കണ്ടിഷനും, മാനേജിങ്ങ് ഡയറക്ടർ., പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്; കോട്ടയം എന്ന പേരിൽ എടുത്ത ഡിമാൻഡ് ഡ്രാഫ്റ്റിന്റെ സ്കാൻഡ് കോപ്പിയും, ടെൻഡർ സമർപ്പിക്കുന്നയാളുടെ ആധാർ കാർഡ്, പാൻ കാർഡ് എന്നിവയുടെ കോപ്പിയും ടെൻഡർ ഫോം വില (Rs.118/-) അടച്ച് ഇ-പോർട്ടലിൽ ടെൻഡർ സമർപ്പിക്കുമ്പോൾ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്. ഡിമാൻഡ് ഡ്രാഫ്റ്റ് സംബന്ധിച്ച വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്ന ടെൻഡർ വ്യവസ്ഥകളിൽ കൃത്യമായി ചേർക്കാത്ത പക്ഷം ടി ടെൻഡർ നിരാകരിക്കുന്നതാണ്. ഒറിജിനൽ ഡിമാൻഡ് ഡ്രാഫ്റ്റ് ടെൻഡർ തുറക്കുന്ന സമയത്തിന് മുൻപായി പി. സി. കെ. ഹെഡ് ഓഫീസ് വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്.
3. ഇ ടെണ്ടർ അല്ലാതെ സാധാരണ രീതിയിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ നേരിട്ട്- 118/- രൂപ ടെണ്ടർഫോം വിലയടച്ച് ടെൻഡർ വ്യവസ്ഥകളും, ടെൻഡർ ഫോമും കോട്ടയത്തുള്ള ഹെഡ് ഓഫീസിൽ നിന്ന് 18/08/2025, **11:30** a. m. - ന് മുൻപായി വാങ്ങേണ്ടതാണ്.

നിരതദ്രവ്യമായ തുക കോട്ടയത്ത് മാറത്തക്ക വിധം ഡിമാൻഡ് ഡ്രാഫ്റ്റ് ആയോ RTGS/ NEFT/ Electronic payments മുഖാന്തിരമോ ടെണ്ടർ നൽകുന്ന ദിവസത്തിന് മുൻപായി അടച്ചിരിക്കേണ്ടതും ആയതിന്റെ രേഖ കോട്ടയം ഹെഡ് ഓഫീസിൽ ടെണ്ടറിനൊപ്പം നൽകേണ്ടതുമാണ്.

4. സാധാരണ രീതിയിൽ സീൽഡ് ടെണ്ടർ സമർപ്പിക്കുന്നവർ ടെൻഡർ വ്യവസ്ഥകൾ പൂർണ്ണമായി അംഗീകരിക്കുന്നതായി രേഖപ്പെടുത്തിയ സമ്മതപത്രവും, എല്ലാ പേജുകളിലും ഒപ്പിട്ട ടെൻഡർ കണ്ടിഷനും, തിരച്ചറിയൽ രേഖ, പാൻ കാർഡ് എന്നിവയുടെ കോപ്പികളോടൊപ്പം, **18/08//2025, 11:30 a. m. – ന് മുൻപായി ടെണ്ടർ കോട്ടയം ഹെഡ് ഓഫീസിലെ മാർക്കറ്റിംഗ് വിഭാഗത്തിൽ നല്കിയിരിക്കേണ്ടതാണ്.**

5. ടെൻഡറിൽ പങ്കെടുക്കുന്നവർ ആയതിനു മുമ്പായി മാനേജരുടെ മുൻകൂട്ടിയുള്ള അനുവാദത്തോടെ തോട്ടത്തിൽ പോയി ബ്ലോക്കിന്റെ വിസ്തൃതി, അതിര്, മരങ്ങളുടെ എണ്ണം, മരങ്ങളുടെ നിലവിലുള്ള അവസ്ഥ, വഴി സൗകര്യം എന്നിവയെ കുറിച്ച് നേരിട്ട് മനസ്സിലാക്കിയിരിക്കേണ്ടതാണ്.

6. **കരാർ കാലാവധി 31/10/2025 വരെ മാത്രമായിരിക്കുന്നതാണ്.**

7. ടെൻഡർ സ്ഥിരീകരണം സംബന്ധിച്ച് കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറുടെ അംഗീകാരം ലഭിച്ചശേഷം പ്രസ്തുത ടെൻഡർ സമർപ്പിച്ച വ്യക്തിയെ രേഖാമൂലം അറിയിക്കുന്നതും, അങ്ങനെ ടെൻഡർ സ്ഥിരീകരണത്തിന്റെ തീയതി മുതൽ 7 ദിവസങ്ങൾക്കകം മൊത്തം തുകയുടെ 25% സെക്യൂരിറ്റി ഡിപ്പോസിറ്റായും (നിരതദ്രവ്യമടക്കം) കൂടാതെ മൊത്തം ടെൻഡർ തുകയുടെ 20 % അഡ്വാൻസും ബാധകമായ നികുതിയും ചേർത്ത് ചന്ദനപ്പള്ളി എസ്റ്റേറ്റ് ബാങ്ക് അക്കൗണ്ടിൽ അടക്കേണ്ടതാണ്.

8. ടെൻഡർ സ്ഥിരീകരണത്തിന്റെ തീയതി മുതൽ 7 ദിവസത്തിനുള്ളിൽ വ്യവസ്ഥകൾ അനുസരിച്ചുള്ള തുകകൾ യഥാസമയം അടച്ച് സ്വന്തം ചെലവിൽ ചന്ദനപ്പള്ളി എസ്റ്റേറ്റ് മാനേജരുമായി ഇതനുസരിച്ചുള്ള ഉടമ്പടി 200/- രൂപ കേരള ഗവൺമെൻറ് വക മുദ്രപത്രത്തിൽ വയ്ക്കേണ്ടതാണ്. അതിൽ വീഴ്ച വരുത്തുന്ന പക്ഷം ടെൻഡർ അസ്ഥിരപ്പെടുത്തുന്നതും, സ്ഥിരീകരണ ഉത്തരവ് റദ്ദാക്കുന്നതും കോർപ്പറേഷനിൽ പ്രസ്തുത വ്യക്തി അടച്ചിട്ടുള്ളതായ എല്ലാ തുകകളും കണ്ടുകെട്ടി കോർപ്പറേഷന്റെ ഖജനാവിലേക്ക് മുതൽ കൂട്ടുന്നതുമാണ്. ഇതുമൂലം കോർപ്പറേഷനുണ്ടാകാവുന്ന എല്ലാവിധ കഷ്ടനഷ്ടങ്ങൾക്കും പ്രസ്തുത വ്യക്തി ഉത്തരവാദിയായിരിക്കുന്നതും ആയത് 18% പലിശ സഹിതം ടിയാനിൽ നിന്നും ഈടാക്കിയെടുക്കുന്നതിന് കോർപ്പറേഷന് അവകാശമുണ്ടായിരിക്കുന്നതും കൂടാതെ അയാളെ കോർപറേഷന്റെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതും അയാൾക്ക് കോർപ്പറേഷന്റെ പിന്നീടുള്ള ടെൻഡറുകളിൽ പങ്കെടുക്കുവാൻ സാധിക്കാതെ വരുന്നതുമാണ്.

9. ഇ-ടെൻഡർ കം ഓക്ഷനിലും സീൽഡ് ടെണ്ടറിലും രേഖപ്പെടുത്തിയിട്ടുള്ള തുകകളിൽ ഏതാണോ കൂടുതൽ അതായിരിക്കും ടെണ്ടർ ഉറപ്പിക്കുന്നതിനായി പരിഗണിക്കുക. ഏറ്റവും കൂടിയ തുകയ്ക്ക് ടെൻഡർ സമർപ്പിച്ച വ്യക്തിയ്ക്ക് കോർപ്പറേഷൻ അന്തിമ തീരുമാനമെടുക്കുന്നതുവരെ സ്വമേധയാ അത് പിൻവലിക്കുവാൻ പാടുള്ളതല്ല. അഥവാ പ്രസ്തുത വ്യക്തി അപ്രകാരം പിൻവലിക്കുകയോ ഏഴാം വകുപ്പ് അനുസരിച്ചുള്ള തുകകൾ അടയ്ക്കാതിരിക്കുകയോ ചെയ്താൽ അയാൾ 2, 3 വ്യവസ്ഥകൾ അനുസരിച്ച് അടച്ചിട്ടുള്ള നിരതദ്രവ്യം കോർപ്പറേഷനിലേക്ക് മുതൽകൂട്ടുവാനും അപ്രകാരം സംഭവിക്കുന്ന പക്ഷം യുക്തമായ തീരുമാനമെടുക്കുന്നതിനും കോർപ്പറേഷന് പൂർണ്ണ അധികാരമുള്ളതുമാകുന്നു.

10. ഏറ്റവും കൂടുതൽ തുക വാഗ്ദാനം ചെയ്ത് ടെൻഡർ സമർപ്പിച്ചാലും ടി തുക ന്യായയുക്തമല്ലെന്ന് കണ്ട് ടി വാഗ്ദാനം അംഗീകരിക്കാതിരിക്കുന്നതിനു കോർപ്പറേഷന് അവകാശം ഉണ്ടായിരിക്കുന്നതും ഇപ്രകാരം കോർപ്പറേഷൻ അത് അംഗീകരിക്കാതെ വന്നാൽ പ്രസ്തുത വ്യക്തിക്ക് ടിയാൻ അടച്ച നിരതദ്രവ്യം പലിശരഹിതമായി മടക്കി നൽകുന്നതുമാണ്.

11. ഏഴാം വകുപ്പ് അനുസരിച്ച് അടച്ച 20% തുക കഴിച്ച് ബാക്കി വരുന്ന തുകയും ബാധകമായ നികുതിയും നാല് തവണകളായി കോർപ്പറേഷൻ നിശ്ചയിക്കുന്ന തിയ്യതികൾക്ക് മുൻപായി കോർപ്പറേഷന്റെ <u>ചന്ദനപ്പള്ളി എസ്റ്റേറ്റ്</u> ബാങ്ക് അക്കൗണ്ടിൽ അടക്കേണ്ടതാണ്. ഗഡുക്കളുടെ തീയതിയും തുകയും കോർപറേഷന്റെ തീരുമാനപ്രകാരം കരാറിൽ വ്യക്തമായി രേഖപ്പെടുത്തുന്നതാണ്.

12. തവണകളിലെ നിശ്ചിത തുക ഏതെങ്കിലും അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ കരാർ പ്രകാരമുള്ള പ്രവർത്തികൾ തുടരുന്നതിന് അനുവദിക്കുന്നതല്ലാത്തതും വീഴ്ച വരുത്തിയ തുക 25% പിഴപലിശ സഹിതം പരമാവധി 30 ദിവസംവരെയുള്ള കാലയളവിനുള്ളിൽ കരാറുകാരന് അടച്ചു തീർക്കാവുന്നതും ആയതിനുശേഷം മാത്രം പ്രവർത്തികൾ തുടരുന്നതിന് അനുമതി നൽകുന്നതുമാണ്. ടി-കാലയളവിനുശേഷവും, നാളതുവരെയുള്ള പിഴതുക സഹിതമുള്ള മുഴുവൻ കുടിശ്ശികത്തുക അടച്ചുതീർക്കാതിരിക്കുന്ന പക്ഷം കരാർ റദ്ദ് ചെയ്യുന്നതിനും അടച്ച തുക മുഴുവൻ കോർപ്പറേഷനിലേയ്ക്ക് കണ്ടുകെട്ടി മുതൽ കൂട്ടുന്നതിനും കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർ ടെൻഡർ വഴി ബാക്കിയുള്ള കാലത്തേയ്ക്ക് മരം മുറി കരാർ നൽകുന്നതിനും തന്മൂലം ഉണ്ടാകാവുന്നതായ എല്ലാവിധ ചെലവുകളും നഷ്ടവും കരാറുകാരനിൽനിന്നും ഈടാക്കിയെടുക്കുന്നതിനുമുള്ള അധികാരവും അവകാശവും കോർപ്പറേഷന് ഉണ്ടായിരിക്കുന്നതാണ്.

13. ടെൻഡർ തുകയുടെ 20 ശതമാനം അഡ്വാൻസും 25 ശതമാനം സെക്യൂരിറ്റി തുകയും ബാധകമായ എല്ലാ നികുതികളും മുൻകൂട്ടി അടച്ച് നിശ്ചിത കരാർ ഒപ്പിട്ടതിനുശേഷം മാത്രമേ ദർഘാസ് ഉറപ്പിച്ചു കിട്ടിയിട്ടുള്ള വ്യക്തിക്ക് തോട്ടത്തിൽ പ്രവേശിക്കുന്നതിനും മരം മുറിക്കുന്നതിനും അവകാശമുണ്ടായിരിക്കുകയുള്ളൂ.

14. മരങ്ങൾ വെട്ടിമാറ്റി നീക്കം ചെയ്യുന്നതിനുള്ള **കാലാവധി 31/10/2025 വരെ മാത്രമായിരിക്കും.** ഏതെങ്കിലും സാഹചര്യത്തിൽ കരാറുകാരന് കരാർ കാലാവധിക്കുള്ളിൽ മരം മുറിച്ച് നീക്കം ചെയ്യുന്നതിന് സാധിക്കാതെ വന്നാൽ കരാറുകാരന്റെ അപേക്ഷയിന്മേൽ, യുക്തമെന്ന് ബോധ്യമായാൽ, ആഴ്ച ഒന്നിന് കരാർ തുകയുടെ 0.5 % പിഴപ്പലിശ ഈടാക്കി പരമാവധി 15 ദിവസം വരെ കരാർ കാലാവധി നീട്ടി അനുമതി നൽകുന്നതിന് കോർപറേഷന്റെ മാനേജിങ് ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. മേൽ അനുമതിക്ക് ശേഷവും കരാറിൽ ഉൾപ്പെട്ട മരങ്ങൾ മുഴുവൻ വെട്ടിമാറ്റാതിരിക്കുകയോ വെട്ടിയ മരങ്ങൾ എസ്റ്റേറ്റിൽ നിന്നും നീക്കം ചെയ്യാതിരിക്കുകയോ ചെയ്താൽ പ്രസ്തുത മരങ്ങളുടെ മേൽ കരാറുകാരന് പിന്നീട് യാതൊരു അവകാശവും ഉണ്ടാകുന്നതല്ലാത്തതും മുറിച്ചു മാറ്റാത്ത മരങ്ങൾ മുറിക്കുന്നതിനും നീക്കം ചെയ്യുന്നതിനുമുള്ള ചെലവും നഷ്ടവും കരാറുകാരനിൽ നിന്ന് ഈടാക്കി എടുക്കുന്നതിനുള്ള പൂർണ്ണ അധികാരവും അവകാശവും കോർപ്പറേഷന് ഉണ്ടായിരിക്കുന്നതുമാണ്.

15. **യഥാസമയം തവണകൾ അടക്കുന്നതിൽ കരാറുകാരൻ വീഴ്ച വരുത്തുകയോ മറ്റേതെങ്കിലും രീതിയിൽ കരാർ ലംഘനം നടത്തുകയോ ചെയ്താൽ ബാക്കി നിൽക്കുന്ന മൊത്തം തുകയും കരാറുകാരനിൽ നിന്നും 25% പിഴ സഹിതം ഒന്നിച്ച് ഈടാക്കിയെടുക്കുവാൻ കോർപറേഷന് അധികാരമുണ്ടായിരിക്കുന്നതാണ്. ഈ സാഹചര്യത്തിൽ ബാക്കി നിൽക്കുന്ന മരങ്ങൾക്കോ കരാറുകാരൻ അടച്ചിട്ടുള്ള തുകകൾക്കോ ടിയാന് അവകാശമില്ലാത്തതും അവ കോർപറേഷനിലേക്കു മുതൽ കൂട്ടുന്നതുമായിരിക്കും.** ഏതെങ്കിലും കാരണവശാൽ കാലാവധി തീരുന്നതിനു മുമ്പായി കരാർ ഉപേക്ഷിച്ചുപോകുന്ന പക്ഷം പ്രസ്തുത ബ്ലോക്ക് കോർപ്പറേഷൻ **പുനർ ടെൻഡർ** നടത്തുന്നതും കരാർ റദ്ദു ചെയ്യുന്നത് മൂലം **കോർപറേഷനുണ്ടാകുന്ന എല്ലാവിധ കഷ്ട നഷ്ടങ്ങളും കരാറുകാരനിൽ നിന്ന് ഈടാക്കുന്നതായിരിക്കും.**
16. കരാർ നൽകിയിട്ടുള്ള ബ്ലോക്കിൽ കോർപ്പറേഷൻ ഉദ്യോഗസ്ഥന്മാർക്ക് ഏത് സമയവും പരിശോധിക്കുവാനുള്ള അവകാശമുണ്ടായിരിക്കുന്നതാണ്.
17. തീപിടുത്തം, വരൾച്ച, പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന മരങ്ങളുടെ നഷ്ടം, കോർപ്പറേഷൻ തൊഴിലാളികളുടെയോ, കരാറുകാരുടെ തൊഴിലാളികളുടെയോ സമരം / പണിമുടക്ക് മുതലായവ മൂലമുണ്ടാകുന്നതോ മറ്റേതെങ്കിലും വിധത്തിലുള്ള തായ നാശനഷ്ടങ്ങൾക്കോ കോർപ്പറേഷൻ ഉത്തരവാദിയായിരിക്കുന്നതോ, നഷ്ട പരിഹാരങ്ങൾ നൽകുന്നതോ അല്ല. കരാറുകാരന്റെ തൊഴിലാളികൾക്ക് ലഭിക്കേ ണ്ടതായ യാതൊരുവിധ ആനുകൂല്യങ്ങളോ, നഷ്ടപരിഹാരമോ നൽകുന്നതിന് കോർപ്പറേഷന് ബാധ്യത ഉണ്ടായിരിക്കുന്നതല്ല. ആയത് കരാറുകാരൻ തന്നെ സ്വന്തം ഉത്തരവാദിത്വത്തിൽ നിർവ്വഹിക്കേണ്ടതാണ്.
18. കരാർ കാലയളവിൽ തോട്ടത്തിൽ തീപിടുത്തമുണ്ടാകാതെ തോട്ടം സംരക്ഷിക്കുന്ന തിനുള്ള പൂർണ്ണമായ ചുമതല കരാറുകാരനായിരിക്കും. കരാർ കാലയളവിൽ എസ്റ്റേറ്റ് അതിർത്തിക്കുള്ളിലോ, സമീപ വനപ്രദേശത്തിനുള്ളിലോ കരാറു കാരനോ, ടിയാന്റെ ഏജന്റോ, തൊഴിലാളികളോ **വന്യമൃഗങ്ങളെ വേട്ടയാടുകയോ ആയതിനു സഹായിക്കുകയോ ചെയ്യാൻ** പാടില്ല. **കൂടാതെ** നിയമം മൂലം നിരോധിക്കപ്പെട്ടിട്ടുള്ളതായ ഏതെങ്കിലും പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ **ആയതിനു** സഹായിക്കുകയോ ചെയ്യുവാ**നും പാടുള്ളതല്ല**. ഇതിന് വിപരീതമായി പ്രവർത്തിക്കുന്നപക്ഷം, തന്മൂലം ഉണ്ടാ കുന്നതായ സകല കഷ്ടനഷ്ടങ്ങൾക്കും കരാറുകാരൻ **മാത്രമായിരിക്കും** ഉത്തരവാദി. കരാർ വ്യവസ്ഥകൾക്ക് വിപരീതമായി കരാറുകാരനോ, അയാളുടെ ഏജന്റോ തൊഴിലാളികളോ പ്രവർത്തിക്കുന്നതായി കോർപ്പറേ ഷന് ബോധ്യപ്പെട്ടാൽ മുന്നറിയിപ്പ് കൂടാതെ കരാറുകാരൻ കോർപ്പറേഷ നിൽ നിന്നും ഏറ്റെടുത്തിട്ടുള്ളതുമായ എല്ലാവിധ കരാർ ഇടപാടുകളും റദ്ദ് ചെയ്യുന്നതും കോർപ്പറേഷനിലേയ്ക്ക് അടച്ചിട്ടുള്ള എല്ലാ തുകയും കണ്ടു കെട്ടി **കോർപ്പറേഷനിലേക്ക്** മുതൽ കൂട്ടുന്നതിനും കൂടാതെ കരാറുകാരൻ ശേഖരിച്ചിരിക്കുന്നതും നീക്കം ചെയ്യാത്തതുമായ റബ്ബർ **തടി** കോർപ്പറേഷൻ കണ്ടുകെട്ടി മുതൽക്കൂട്ടുന്നതുമായിരിക്കും. ആവശ്യമെന്ന് കണ്ടാൽ, ശേഷിക്കുന്ന കാലയളവിലേയ്ക്ക് കരാറുകാരന്റെ നഷ്ടോത്തരവാദിത്വ ത്തിൽ ടി ബ്ലോക്കുകളിൽ **പുനർ ടെൻഡർ** വഴി **വിൽപ്പന** നടത്തുന്നതിനോ, സ്വന്തം ചുമതലയിൽ നേരിട്ടോ, അല്ലാതെയോ കരാർ പ്രകാരമുള്ള പ്രവൃത്തികൾ നടത്തുന്ന**തിനോ** കോർപ്പറേഷന് തീരുമാനമെടുക്കാവു

ന്നതും ആയതിലേയ്ക്ക് ഉണ്ടാകാവുന്ന സകലവിധ ചെലവുകളും നഷ്ടവും കരാറുകാരനിൽനിന്നോ, ടിയാന്റെ മുതലുകളിൽനിന്നോ ഈടാക്കിയെടുക്കുന്നതിനും കോർപ്പറേഷന് അധികാരവും അവകാശവുമുണ്ടായിരിക്കുന്നതാണ്. ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നതാകയാൽ കരാർ റദ്ദ് ചെയ്ത് കരാറുകാരൻ അടച്ചിട്ടുള്ളതായ എല്ലാ തുകകളും കോർപ്പറേഷനിലേയ്ക്ക് കണ്ടുകെട്ടി മുതൽകൂട്ടുന്നതുമായിരിക്കും.

19. **ടെൻഡർ** തുകയ്ക്ക് പുറമെ **ബാധകമായ നികുതിയും കൂടാതെ**, മറ്റ് ഏതെങ്കിലും **നികുതികൾ നിയമംമൂലം** ബാധകമാക്കുകയാണെങ്കിൽ ആയത് കരാറുകാര**നിൽ നിന്നും ഈടാക്കുന്നതാണ്. ഈ കരാർപ്രവർത്തികൾക്ക് മറ്റു** ഡിപ്പാർട്മെന്റുകളിൽ **നിന്നും** ഏതെങ്കിലും തരത്തിലുള്ള ലൈസൻ**സോ മറ്റ് രേഖകളോ** ആവശ്യമായാൽ ആയത് കരാറുകാരൻ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും എടുക്കേണ്ടതാണ്.

20. കരാറുകാരനിൽനിന്നോ, ഏജന്റിൽനിന്നോ ടിയാന്റെ തൊഴിലാളികളിൽനിന്നോ കോർപ്പറേഷൻ വക റബ്ബർ മരങ്ങൾക്കോ, മറ്റ് വസ്തുവകകൾക്കോ ഏതെങ്കിലും നാശനഷ്ടം സംഭവിച്ചാൽ **ജനറൽ മാനേജർ (ഓപ്പറേഷൻസ്)** നിശ്ചയിക്കുന്ന നഷ്ടപരിഹാരത്തുക കരാറുകാരൻ ഉടനെ തന്നെ **ചന്ദനപ്പള്ളി എസ്റ്റേറ്റ്** ഓഫീസിൽ അടയ്ക്കേണ്ടതാണ്. **ജനറൽ മാനേജർ** (ഓപ്പറേഷൻസ് )ന്റെ ടി തീരുമാനം അന്തിമമായിരിക്കുന്നതും ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാണ്.

21. **സ്ഥാനനിർണയം ചെയ്തിരിക്കുന്ന <u>ബ്ലോക്കുകളിലുള്ള</u>** റബർ **മരങ്ങൾ** അധികാരികളുടെ നിർദ്ദേശമനുസ്സരിച്ച് മാത്രമേ മുറിച്ചു മാറ്റാൻ കരാറുകാരന് അവകാശമുണ്ടായിരിക്കുകയുള്ളു. എസ്റ്റേറ്റിൽ നിന്ന് മുറിച്ചുമാറ്റുന്ന മരങ്ങളുടെ കണക്ക് അതു നീക്കം ചെയ്യുന്നതിനു മുമ്പ് എസ്റ്റേറ്റ് മാനേജരേയോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനേയോ **രേഖാമൂലം** അറിയി**ച്ചി**രിക്കേണ്ടതാണ്.

22. വെട്ടിമാറ്റുന്ന മരങ്ങളല്ലാതെ എസ്റ്റേറ്റിൽ നിന്നും വിറക്, പുല്ല് തുടങ്ങിയ സാധനങ്ങൾ കാരാറുകാരനോ, അയാൾ ഏർപ്പെടുത്തുന്ന ആളോ, അയാളുടെ തൊഴിലാളികളോ, കൊണ്ടുപോകാൻപാടില്ലാ**ത്തതാണ്. റബ്ബർ** മരങ്ങൾ തറ നിരപ്പിൽ മുറിച്ചുമാറ്റേ**ണ്ടതും** മരങ്ങൾ പിഴുതെടുക്കുവാൻ പാടില്ലാ**ത്തതുമാണ്.**

23. എസ്റ്റേറ്റ് മാനേജർക്കും അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥന്മാർക്കും കരാറുകാരൻ, ടിയാന്റെ ഏജന്റ്**,** ടിയാന്റെ തൊഴിലാളികൾ, കരാറുകാരന്റെ റബ്ബർ കൊണ്ടുപോകുന്ന വാഹനങ്ങൾ മുതലായവ നിയന്ത്രിക്കുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

24. **കരാർ കാലയളവിൽ കരാർ <u>നൽകിയിട്ടുള്ള</u> സ്ഥല<u>ത്തു</u> നിന്നും** റബ്ബർക്കുരു ശേഖരിക്കുന്നതിന് കോർപ്പറേഷന് അധികാരമുണ്ടായിരിക്കുന്നതാണ്.

25. മരങ്ങളിൽ കോർപ്പറേഷൻ ഇപ്പോൾ പിടിപ്പിച്ചിട്ടുള്ള ചിരട്ട, ചില്ല്, കപ്പ്-ഹാംഗർ തുടങ്ങിയവ കോർപ്പറേഷൻ നീക്കം ചെയ്യുന്നതായിരിക്കും.

26. കരാർ കാലാവധിക്കിടയിൽ ടി സ്ഥലത്ത് കോർപ്പറേഷൻ യാതൊരു വിധ കാർഷിക പ്രവർത്തനവും നടത്തുന്നതല്ല.

27. **കരാർ കാലാവധിയിൽ** കാറ്റ് മൂലമോ, പ്രകൃതിക്ഷോഭം മൂലമോ ഒടിഞ്ഞോ, പിഴുതോ വീഴുന്ന മരങ്ങൾ**ക്ക് കോർപറേഷന് യാതൊരു ഉത്തരവാദിതവും**

ഉണ്ടായിരിക്കുന്നതല്ല. ടി **മരങ്ങൾക്ക്** കരാർ തുകയിൽ യാതൊരു ഇളവും ലഭിക്കുന്നതല്ല .

28. കരാറുകാരൻ യാതൊരു കാരണവശാലും സ്ഥിരസ്വഭാവമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ യാതൊന്നുംതന്നെ തോട്ടത്തിനുള്ളിൽ നടത്താൻ പാടുള്ളതല്ല. തോട്ടത്തിനുള്ളിൽ കരാറുകാരന് ആവശ്യമായ താൽക്കാലിക ഷെഡുകൾ പണിയുന്നതിനു എസ്റ്റേറ്റ് മാനേജരുടെ മുൻകൂട്ടിയുള്ള അനുവാദം **വാങ്ങി സ്വന്തം** ചെലവി**ലും ഉത്തരവാദിത്വത്തിലും ചെയ്യേണ്ടതാണ്**. **ആയത്** കരാർ തീർന്ന് 15 ദിവസങ്ങൾക്കകം പൊളിച്ചുമാറ്റേണ്ടതുമാണ്. അല്ലാത്തപക്ഷം ടി ഷെഡുകൾ കോർപ്പറേഷൻ ചെലവിൽ പൊളിച്ചു നീക്കം ചെയ്യുന്നതും **ആയതിലേക്ക് ചെലവാകുന്ന** സംഖ്യ കരാറുകാരനിൽനിന്നും ഈടാക്കുന്നതുമായിരിക്കും.

29. കരാറുകാരനോ, ഏജന്റോ കരാർ പ്രവർത്തികൾ നടക്കുന്ന സ്ഥലത്തുനിന്നും **മുറിച്ചുകൊണ്ട് പോകുന്ന റബ്ബർ മരങ്ങൾ** നീക്കം ചെയ്യുന്ന സമയത്ത് എസ്റ്റേറ്റ് മാനേജരിൽനിന്നും പാസ് വാങ്ങിയിരിക്കേണ്ടതാണ്. സെക്യൂരിറ്റി പരിശോധനയ്ക്ക് വിധേയമായി മാത്രമേ ടി **സാധനങ്ങൾ എസ്റ്റേറ്റിന്** വെളിയിൽ കൊണ്ടുപോകാൻ **അനുവാദമുണ്ടായിരിക്കുകയുള്ളു**.

30. മരങ്ങൾ കൊണ്ടുപോകുന്ന സമയം എസ്റ്റേറ്റ് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 8 മണിമുതൽ വൈകുന്നേരം 6 മണി വരെയായിരിക്കും. എസ്റ്റേറ്റ് അവധി ദിവസങ്ങളിൽ യാതൊരു കാരണവശാലും മരം മുറിക്കു**ന്നതിനോ അനുബന്ധ** പ്രവൃത്തികൾ **ചെയ്യുന്നതിനോ** അനുവദിക്കുന്നതല്ല. **പ്രത്യേക സാഹചര്യങ്ങളിൽ മാനേജരുടെ രേഖാമൂലമായ അനുവാദത്തോടെ സമയപരിധിക്കുശേഷം മരങ്ങൾ മുറിച്ച് തടികൾ കൊണ്ടുപോകാൻ അനുമതി നൽകുന്നതാണ്.**

31. **ടെൻഡർ സ്ഥിരപ്പെടുത്തിക്കിട്ടുന്ന ആൾ റബ്ബർ മരങ്ങൾ റബ്ബർ ബോർഡിന്റെയോ സർക്കാരിന്റെയോ കലാകാലങ്ങളിലുള്ള നിയമങ്ങൾക്കു വിധേയമായി വിൽപ്പന നടത്തേണ്ടതാണ്.**

32. യാതൊരു കാരണവും **കാണിക്കാതെ** ഏതൊരു ടെൻഡറും അംഗീകരിക്കുന്നതിനോ, നിരാകരിക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

33. കോർപ്പറേഷനിലെ തൊഴിലാളികൾക്കോ, മറ്റ് ജീവനക്കാർക്കോ **ടെൻഡറിൽ** പങ്കെടുക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

34. **മരം മുറിക്കൽ** സംബന്ധിച്ച **ടെൻഡറിലോ** ഇത് സംബന്ധമായ കരാർ വ്യവസ്ഥകളുടെ വ്യാഖ്യാനത്തിലോ, നടത്തിപ്പിലോ എന്തെങ്കിലും തർക്കമുണ്ടാകുന്ന പക്ഷം കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർക്ക് അതിൽ തീർപ്പ് കല്പിക്കുവാൻ അധികാരമുണ്ടായിരിക്കുന്നതും പ്രസ്തുത തീർപ്പ് അന്തിമമായിരിക്കുന്നതുമാണ്.

35. കരാർ നിയമപ്രകാരം കോർപ്പറേഷനും കരാറുകാരനുമായി എന്തെങ്കിലും വ്യവഹാരങ്ങൾ ഉണ്ടാകുന്ന പക്ഷം **ആയത് കോട്ടയം അധികാര പരിധിയിലുള്ള** കോടതികളിൽ നിക്ഷിപ്തമായിരി**ക്കുന്നതാണ്**.

36. കരാർ ഒപ്പിട്ടതിനുശേഷം നൽകുന്ന വർക്ക് ഓർഡർ തീയതി മുതൽ 7 ദിവസങ്ങൾക്കകം ജോലി ആരംഭിക്കേണ്ടതാണ്.

37. കരാറുകാരന്റെ ആൾക്കാർക്കോ, മറ്റ് തൊഴിലാളികൾക്കോ **മരം മുറി** സംബന്ധമായി ഏതെങ്കിലും വിധത്തിൽ നിയമപരമായോ, മറ്റ് തരത്തിലോ, കൊടുക്കാനുള്ള വേതനത്തിനോ മറ്റ് ആനുകൂല്യങ്ങൾക്കോ കോർപ്പറേഷൻ യാതൊരു കാരണവശാലും ഉത്തരവാദിയായിരിക്കുന്നതല്ല. ഇത് സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങൾക്കും കരാറുകാരൻതന്നെ ഉത്തരവാദിയായിരിക്കുന്നതും ആയത് ടിയാൻ **സ്വന്തം ഉത്തരവാദിത്വത്തിൽ** പരിഹരിക്കേണ്ടതുമാണ്.

38. കരാറുകാരനാൽ നിയോഗിക്കപ്പെടുന്ന എല്ലാ തൊഴിലാളികളുടെയും നിയമാനുസൃതം എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ടിലേയ്ക്കുള്ള പ്രതിമാസവിഹിതം അടയ്ക്കുകയും രസീതിന്റെ പകർപ്പ് തുക അടച്ച് പത്ത് ദിവസങ്ങൾക്കുള്ളിൽ കോർപ്പറേഷന്റെ ഓഫീസിൽ ഹാജരാക്കേണ്ടതുമാണ്. ഇതിൽ വീഴ്ച വരുത്തുന്നപക്ഷം, നിയമപ്രകാരമുള്ള പ്രൊവിഡന്റ് ഫണ്ട് വിഹിതവും**,** സർചാർജും അടക്കമുള്ള സംഖ്യ കരാറുകാരന് കോർപ്പറേഷനിൽനിന്നും ലഭിക്കാനുള്ള തുകയിൽനിന്നോ, മറ്റേതെങ്കിലും വിധത്തിലോ ഈടാക്കി പ്രൊവിഡന്റ് ഫണ്ട് ഓഫീസിലേയ്ക്ക് അടയ്ക്കുന്നതും ഇത് സംബന്ധമായി ഉണ്ടാകാവുന്ന ഏത് അവകാശവാദവും സാമ്പത്തിക ബാധ്യതകളും കരാറുകാരന്റെ ഉത്തരവാദിത്വത്തിലായിരിക്കുന്നതുമാണ്.

39. കരാർ ഏറ്റെടുക്കുന്നയാൾ കരാർ പൂർത്തിയാക്കിയതിനുശേഷം എസ്റ്റേറ്റ് മാനേജരിൽനിന്നുള്ള **ബാധ്യതാരഹിത** സർട്ടിഫിക്കറ്റ് ഹാജരാക്കി 15 ദിവസത്തിനകം കോർപ്പറേഷന് എന്തെങ്കിലും തരത്തിലുള്ള തുക കരാറുകാരനിൽ നിന്നും ഈടാക്കാനുണ്ടെങ്കിൽ ആയത് വസൂൽ ചെയ്തതിനുശേഷം **ബാക്കിയുള്ള** സെക്യൂരിറ്റി തുക തിരികെ നൽകുന്നതാണ്. **സെക്യൂരിറ്റി തുകക്ക് പലിശ നൽകുന്നതല്ല.**

40. മരങ്ങളുടെയോ, ബ്ലോക്കുകളുടെയോ എണ്ണം, ക്രമീകരണം എന്നിവയിൽ പരസ്യപ്പെടുത്തിയതിൽ നിന്നും വ്യത്യസ്തമായി ഭേദഗതികൾ വരുത്തുന്നതിനുള്ള അധികാരം മാനേജിംഗ് ഡയറക്ടർക്കുണ്ടായിരിക്കുന്നതാണ്.

41. കരാർ ഉറപ്പിച്ചു കിട്ടിയ വ്യക്തി ടി അവകാശം മറ്റൊരാൾക്കും **കൈമാറ്റം ചെയ്യാനോ** മറിച്ചു **നൽകാനോ** പാടുള്ളതല്ല.

42. ഇരുപത്തിയൊന്നു വയസ്സിൽ താഴെയുള്ളവർക്കും**,** ഇൻഡ്യൻ പൗരത്വമില്ലാത്തവർക്കും **ടെൻഡറിൽ** പങ്കെടുക്കുവാൻ അർഹതയില്ല. ഇന്ത്യൻ കരാർ വ്യവസ്ഥപ്രകാരം കരാർ ഒപ്പിടുവാൻ അർഹതയില്ലാത്തവരേയും **ടെൻഡറിൽ** പങ്കെടുപ്പിക്കുന്നതല്ല.

43. ടെൻഡർ വ്യവസ്ഥകൾ കരാറിന്റെ ഭാഗമായിരിക്കുന്നതാണ്.

44. ഇ-ടെൻഡർ/സീൽഡ് ടെണ്ടർ സമർപ്പിക്കുന്നതിനുള്ള അവസാന ദിവസം 18/08/2025, 11:30 a.m. വരെയാണ്. ഇ-ടെണ്ടറിൽ പങ്കെടുക്കുന്നവർക്ക് 19/08/2025, 02:30 **p.m.** -ന് ശേഷം 45 മിനുട്ട് സമയം E, F ബ്ലോക്കുകളുടെയും, **20**/08/2025, 12:00 **p.m.** -ന് ശേഷം 45 മിനുട്ട് സമയം G, H ബ്ലോക്കുകളുടെയും ഇ-ഓക്ഷനിൽ പങ്കെടുക്കുന്നതിന് അവസരമുണ്ടാകുന്നതാണ്. **19/08/2025–ൽ 12:45 പി.എം–ന് E,** F ബ്ലോക്കുകളുടെ **സീൽഡ് ടെണ്ടറുകളും, 20/08/2025–ൽ 11:00 a.m–ന് G, H** ബ്ലോക്കുകളുടെ **സീൽഡ് ടെണ്ടറുകളും ടി ടെണ്ടറിൽ പങ്കെടുത്തവരിൽ അപ്പോൾ സന്നിഹിതരായവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ഇ-ടെണ്ടർ / സീൽഡ് ടെണ്ടർ എന്നിവയിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകളിൽ കൂടിയ തുക ഇ-ഓക്ഷൻ**

**തുടങ്ങുന്നതിനുള്ള അടിസ്ഥാന വിലയായി ഇ-ഓക്ഷന്റെ സ്ക്രീനിൽ നൽകുന്നതുമാണ്.** ഇ-ലേലത്തിൽ നൽകാവുന്ന കുറഞ്ഞ വർദ്ധനവ് 10,000/- രൂപ ആയിരിക്കുന്നതാണ്. ഇ-ഓക്ഷനിൽ ആരും തന്നെ പങ്കെടുക്കാതിരിക്കുന്ന പക്ഷം സീൽഡ് ടെണ്ടർ, ഇ-ടെണ്ടർ എന്നിവയിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകളിൽ കൂടിയ തുക ടെണ്ടർ ഉറപ്പിക്കുന്നതിനായി പരിഗണിക്കുന്നതാണ്.

45. 18.08.2025 - ൽ നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കുന്നതായ സീൽഡ് ടെണ്ടറുകൾ അന്നേദിവസം തുറക്കുന്നതല്ലാത്തതും, ആയവ അപ്പോൾ സന്നിഹിതരായവരുടെ സാന്നിദ്ധ്യത്തിൽ മുദ്ര വച്ച് കോട്ടയം ഹെഡ് ഓഫീസ് മാർക്കറ്റിംഗ് വിഭാഗത്തിൽ സൂക്ഷിക്കുന്നതുമാണ്.
46. ടെൻഡർ നടത്തുന്നതിന് നിശ്ചയിച്ചിരിക്കുന്ന ദിവസം ഹർത്താൽ, പൊതു അവധി തുടങ്ങിയ ഏതെങ്കിലും കാരണത്താൽ ടെൻഡർ നടത്താൻ കഴിയാതെ വന്നാൽ, തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തുതന്നെ ടി ടെൻഡർ നടത്തുന്നതായിരിക്കും.
47. ഇ-ടെൻഡർ/സീൽഡ് ടെൻഡർ സ്വീകരിക്കുന്നതായ അവസാന തീയതിയിൽ വില്പനവില നിശ്ചയിക്കുന്നതിന് പര്യാപ്തമായ എണ്ണം ടെൻഡറുകൾ ലഭിച്ചിട്ടില്ലാത്ത പക്ഷം ആവശ്യമെങ്കിൽ ടെൻഡർ തിയതി ദീർഘിപ്പിക്കുന്നതിന് മാനേജിങ് ഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. ഇത്തരം സന്ദർഭങ്ങളിൽ, ലഭിച്ചിട്ടുള്ളതായ ടെൻഡറുകൾ തുറക്കുന്നതല്ലാത്തതും ടെൻഡർ നൽകിയിട്ടുള്ളവർക്ക് ആവശ്യമെങ്കിൽ പുതുക്കിയ വാഗ്ദാനം നൽകുന്നതിന് അനുവദിക്കുന്നതുമാണ്. ഇപ്രകാരം ഒരാൾ വാഗ്ദാനം ചെയ്യുന്ന തുകകളിൽ, ഏറ്റവും കൂടിയ തുക മാത്രമായിരിക്കും വാഗ്ദാനം ചെയ്തിട്ടുള്ള തുകയായി പരിഗണിക്കുന്നത്.
48. ടെണ്ടർ സംബന്ധിച്ചുള്ള രേഖകൾ നൽകുന്നതായ മുദ്രവച്ച കവറുകളിൻമേൽ എസ്റ്റേറ്റ്, ഡിവിഷൻ, ബ്ലോക്ക് എന്നിവ കൃത്യമായി രേഖപ്പെടുത്തിയിരിക്കേണ്ടതാകുന്നു. കൂടാതെ സീൽഡ് ടെണ്ടർ/ഇ-ടെണ്ടർ ഇവയിൽ ഏതാണ് എന്നതും കൃത്യമായിത്തന്നെ രേഖപ്പെടുത്തിയിരിക്കേണ്ടതാകുന്നു.

പ്ലാൻറേഷൻ കോർപ്പറേഷനുവേണ്ടി,

**Sd/-**

ജനറൽ മാനേജർ (സി)

മേൽ വ്യവസ്ഥകൾ വായിച്ചു നോക്കി

പൂർണ്ണമായും അംഗീകരിച്ചിരിക്കുന്നു.

ഒപ്പ്

തീയതി

പേര്

മേൽ വിലാസം, കര, വില്ലേജ്, താലൂക്ക്, ജില്ല

## Details of trees awarding for cutting and removal
## E-tender cum e-auction/Sealed tender - 18977 rubber trees - Division: A - Block: E, F, G & H - Chandanappally Estate

| SI No. | DIVISION | BLOCK | GOOD TREES | STUMPS | RUNTS | DRIED | TOTAL | DD No. | D.D Date | D.D Amount |
|---|---|---|---|---|---|---|---|---|---|---|
| 1 | A | E | 4335 | 464 | 130 | 46 | 4975 | | | |
| 2 | A | F | 4252 | 544 | 221 | 75 | 5092 | | | |
| 3 | A | G | 4066 | 314 | 277 | 56 | 4713 | | | |
| 4 | A | H | 3447 | 433 | 245 | 72 | 4197 | | | |
| **TOTAL** | | | **16100** | **1755** | **873** | **249** | **18977** | | | |

Note :-

- Good Tree:- A 'Good Tree' should be characterised by a minimum trunk height of 3 meters and a girth of 50 centimetres or more at chest height level.
- Stump:- A 'Stump' should be a broken/damaged tree characterised by trunk height of not more than 3 meters and a girth of 50 centimetres or more at standing height.
- Runt:- A 'Runt' should have less than a girth of 50 centimetres at chest height level.
- Dried:- A 'Dried' tree is any tree that is totally dried at the time of counting, regardless of its girth or height.

## E-tender cum e-auction/Sealed tender - 18977 rubber trees - Division: A - Block: E, F, G & H Chandanappally Estate - Time of Bid Submission, Auction & Bid Opening

| ഡിവിഷൻ | ബ്ലോക്ക് | ഇ-ടെണ്ടർ / സീൽഡ് ടെണ്ടർ സമർപ്പിക്കേണ്ടതായ അവസാന തീയതി | ഇ-ഓക്ഷൻ തുടങ്ങുന്ന സമയം (45 മിനുട്ട്) | ഇ-ടെണ്ടറുകൾ തുറക്കുന്ന സമയം | ഇ-ടെണ്ടർ/ സീൽഡ് ടെൻഡറുകൾ തുറക്കുന്ന സ്ഥലം |
|---|---|---|---|---|---|
| A | E | 18.08.2025 11:30 a.m | 19.08.2025 02:30 p. m. | 20.08.2025 04.30 p. m. (ഇ-ഓക്ഷന് ശേഷം) | ഹെഡ് ഓഫീസ്, കോട്ടയം |
| A | F | 18.08.2025 11:30 a.m | 19.08.2025 03:30 p. m. | 20.08.2025 04.30 p. m. (ഇ-ഓക്ഷന് ശേഷം) | ഹെഡ് ഓഫീസ്, കോട്ടയം |
| A | G | 18.08.2025 11:30 a.m | 20.08.2025 12:00 p. m. | 20.08.2025 04.30 p. m. (ഇ-ഓക്ഷന് ശേഷം) | ഹെഡ് ഓഫീസ്, കോട്ടയം |
| A | H | 18.08.2025 11:30 a.m | 20.08.2025 01:00 p. m. | 20.08.2025 04.30 p. m. (ഇ-ഓക്ഷന് ശേഷം) | ഹെഡ് ഓഫീസ്, കോട്ടയം |

NB: ഏതെങ്കിലും കാരണവശാൽ ഇ-ഓക്ഷൻ ഓഫീസ് പ്രവർത്തിസമയത്തിനു ശേഷം തുടരുന്ന പക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം രാവിലെ 10.30-ന് ഇ-ദർഘാസ് തുറക്കുന്നതായിരിക്കും.

# പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്

**CIN No: UO1119KL1962SGC001997**

**കോട്ടയം - 686004**

**<u>സമ്മതപത്രം</u>**

പ്ലാന്റേഷൻ കോർപ്പറേഷന്റെ **ചന്ദനപ്പള്ളി** എസ്റ്റേറ്റിലെ A ഡിവിഷനിൽ E, F, G & H ബ്ലോക്കുകളിൽ നിൽക്കുന്ന 18,977 റബ്ബർ മരങ്ങളുടെ വിൽപ്പനയ്ക്കായുള്ള ഇ-ടെൻഡർ/സീൽഡ് ടെണ്ടർ വ്യവസ്ഥകൾ ഇന്നേ ദിവസം കൈപ്പറ്റിയിരിക്കുന്നു. ടി വ്യവസ്ഥകൾ ഞാൻ വായിച്ചു മനസ്സിലാക്കുകയും, ആയത് ഞാൻ അനുസരിക്കുന്നതുമായിരിക്കുമെന്നും ഇതിനാൽ സമ്മതിച്ചുകൊള്ളുന്നു.

**പേര്:**

**തപാൽ മേൽവിലാസം:**
**കര:**
**വില്ലേജ്:**
**താലൂക്ക്:**
**ജില്ല:**
**പിൻകോഡ്:**

**ഫോൺ നമ്പർ (കോഡ് ഉൾപ്പെടെ)**
**ലാന്റ് നമ്പർ :**
**മൊബൈൽ നമ്പർ :**

## ഒപ്പ്

തീയതി:

…………………..